Lalith Babu

**ഒരു സംഘടനയുടെ ഭാരവാഹി എന്ന നിലക്കുള്ള Legal entity യിൽ വിവരാവകാശ അപേക്ഷ സമർപ്പിക്കാൻ കഴിയില്ല. വകുപ്പ് 3 പ്രകാരം ഒരു citizen നു മാത്രമേ വിവരാവകാശ അപേക്ഷ സമർപ്പിക്കുവാൻ അവകാശമുള്ളൂ**

## ഉത്തരവ്

പരാതിക്കാരനായ ജയൻ.കെ.പണിക്കർ, 18.12.2007 തീയതി വച്ച് സംസ്ഥാന വിവരാവകാശ കമ്മിഷൻ മുമ്പാകെ സമർപ്പിച്ച പരാതി CP.No.193/2008/SIC ആയി ഫയലിൽ സ്വീകരിച്ച് തുടർനടപടികൾ കൈകൊ ണ്ടിട്ടുള്ളതാണ്.

2. പരാതിയിൽ കമ്മിഷൻ നോട്ടീസ് നൽകിയതനുസരിച്ച്, എതൃകക്ഷി 28.02.2008 തീയതി വച്ച് കമ്മിഷൻ മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

3. പരാതിയും എതൃകക്ഷിയുടെ റിപ്പോർട്ടും അനുബന്ധരേഖകളും വിശദമായി പരിശോധിച്ച കമ്മിഷൻ താഴെ പറയും പ്രകാരം നിരീക്ഷിച്ചു.

i. വിവരാവകാശ നിയമപ്രകാരം രാജ്യത്തെ പൗരന്മാർക്കാണ് വിവരങ്ങൾ ലഭിക്കാനുള്ള അവകാശമുള്ളത്. പരാതിക്കാരൻ എതൃകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷ ഒരു സംഘടനയുടെ ഭാരവാഹി എന്ന നിലക്കാണ് സമർപ്പിച്ചിരിക്കുന്നത്. ഒരു സംഘടനയുടെ ഭാരവാഹി എന്ന നിലയിൽ വിവരാവകാശ നിയമപ്രകാരം അപേക്ഷ സമർപ്പിക്കുവാൻ വ്യവസ്ഥയില്ലെന്ന് കമ്മിഷൻ നിരീക്ഷിച്ചു.

ii. ഒരു പൊതു അധികാരിയുടെ കൈവശമോ നിയന്ത്രണത്തിലോ ഉള്ള വിവരങ്ങൾ ലഭിക്കുക എന്നതാണ് വിവരാവകാശ നിയമം ജനങ്ങൾക്ക് നൽകുന്ന അവകാശം. ഇവിടെ, എതൃകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ പലകാര്യങ്ങളിലും വിശദീകരണങ്ങളാണ് ആവശ്യപ്പെട്ടിരിക്കുന്നതെന്ന് കമ്മിഷൻ നിരീക്ഷിച്ചു.

iii. അപേക്ഷയോടൊപ്പം അപേക്ഷാ ഫീസ് ഒടുക്കിയിരുന്നില്ലെന്ന് എതൃകക്ഷിയുടെ റിപ്പോർട്ടിൽ പറയുന്നു. അപേക്ഷയിൽ എന്തെങ്കിലും ന്യൂനതയുണ്ടെങ്കിൽ അപേക്ഷകന്റെ ശ്രദ്ധയിൽ കൊണ്ടുവരുകയാണ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ചെയ്യേണ്ടത്.

4. മേൽ പറഞ്ഞ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിലും 26.02.2008 ന് എതൃകക്ഷി അപേക്ഷകന് മറുപടി നൽകിയിട്ടുള്ളതിനാലും പരാതിയിൽ നടപടി അവസാനിപ്പിച്ച് കൊണ്ട് കമ്മിഷൻ ഇതിനാൽ ഉത്തരവാകുന്നു.

ഇന്നേ ദിവസം 2008 മാർച്ച് മാസം 31–ാം തീയതി കമ്മിഷൻ ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.